**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5469** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘങ്ങളുടെ ശാക്തീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി. നന്ദകുമാർ</td><td colspan="2">ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ക്ഷീര സംഘങ്ങളുടെ ശാക്തീകരണത്തിനായി ഈ സർക്കാരും കഴിഞ്ഞ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;</td><td>(എ)</td><td>അവലോകനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ക്ഷീര സംഘങ്ങളുടെ ശാക്തീകരണത്തിനായി ഈ സർക്കാരും കഴിഞ്ഞ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷീര സഹകരണ മേഖലയിലെ 2016-17 – ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22 ൽ 21.19 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചിട്ടുണ്ട്. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ക്ഷീരകർഷകരെ സംബന്ധിച്ച് ഈ മേഖലയിൽ തുടരുന്നതിന് ക്ഷീരസംഘങ്ങളുടെ പങ്ക് വളരെ വലുതാണ്. പാൽവില മറ്റ് വിപണിവിലയേക്കാൾ കുറവാണ് കർഷകർക്ക് ലഭിക്കുന്നതെങ്കിലും ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് വിവിധ ഏജൻസികളുടെ ധന സഹായങ്ങൾ ലഭിക്കുന്നുണ്ട്. മാത്രവുമല്ല എത്ര പാൽ നൽകിയാലും ക്ഷീരസംഘങ്ങൾ സ്വീകരിക്കും എന്ന ഒരു ഉറപ്പ് കർഷകനുണ്ട്. ഇത് നിലവിലുള്ള ക്ഷീരകർഷകർക്ക് സഹായമാവുകയും പുതിയ കർഷകരെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുവാനും കാരണമാവുന്നു. കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കാണുന്ന പാൽസംഭരണത്തിലെ വർദ്ധനവ് ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലം കൂടിയാണ്. കോവിഡ് മഹാമാരി കാലഘട്ടത്തിൽ കർഷകർ ഏറ്റവും കൂടുതൽ വരുമാനത്തിനായി ആശ്രയിച്ചത് ക്ഷീരമേഖലയെയാണ്.</td></tr>
<tr><td>(ബി)</td><td>കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിന് തുടക്കം കുറിച്ചതിലൂടെ ഈ മേഖലയിൽ</td><td>(ബി)</td><td>ഡയറിമേഖലയിൽ ശാസ്ത്രീയവും വ്യക്തവുമായ പദ്ധതി ആസൂത്രണത്തിനും അവയുടെ നിർവ്വഹണത്തിനും സഹായിക്കുക എന്നതാണ്</td></tr>
</table>

| | | | |
|---|---|---|---|
| | ഉന്നം വയ്ക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിലൂടെ ഉദ്ദേശിക്കുന്നത്. |
| (സി) | ക്ഷീരോല്പാദനരംഗത്ത് ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും കറവ യന്ത്രങ്ങൾക്കും കേന്ദ്ര സർക്കാർ ചുമത്തിയിട്ടുള്ള ചരക്ക് സേവന നികുതിയിൽ വർദ്ധനവ് വരുത്തുവാനുള്ള ജി.എസ്.ടി. കൗൺസിൽ തീരുമാനം നടപ്പിലായാൽ അത് സംസ്ഥാനത്തെ കർഷകർക്കും പൊതുജനങ്ങൾക്കും ഏൽപ്പിക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് പാൽ ഉല്പാദന ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ക്ഷീരോല്പാദന രംഗത്ത് ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും കറവ യന്ത്രങ്ങൾക്കും കേന്ദ്ര സർക്കാർ ചുമത്തിയിട്ടുള്ള ചരക്ക് സേവന നികുതിയിൽ വർദ്ധനവ് വരുത്തുവാനുള്ള ജി.എസ്.ടി. കൗൺസിൽ തീരുമാനം നടപ്പിലായാൽ ഉല്പാദന ചെലവ് വീണ്ടും വർദ്ധിക്കും. ഇത് ഈ മേഖലയിൽ നിന്ന് ലഭിക്കുന്ന ലാഭം കുറയ്ക്കുന്നതിനോടൊപ്പം മേഖലയിൽ നിന്ന് കർഷകർ പിന്തിരിയാനും കാരണമാകും. |

സെക്ഷൻ ഓഫീസർ